"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

മത്സ്യബന്ധന വകുപ്പ്- മലപ്പുറം ജില്ലയിലെ പൊന്നാനി പുനർഗേഹം ഫ്ലാറ്റുകളിലെ കുടിവെള്ള കണക്ഷനുകളുമായി ബന്ധപ്പെട്ട വാട്ടർ ചാർജ് കുടിശ്ശിക ഒറ്റത്തവണയായി അടവാക്കിയ നടപടിയ്ക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**മത്സ്യബന്ധന തുറമുഖ (സി) വകുപ്പ്**

സ.ഉ.(സാധാ) നം.126/2026/F&P തീയതി,തിരുവനന്തപുരം, 17-02-2026

---

പരാമർശം:- ഫിഷറീസ് ഡയറക്ടറുടെ 27/01/2026-ലെ DFTVM/1835/2019-N1 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

മലപ്പുറം ജില്ലയിലെ പൊന്നാനി മുനിസിപ്പാലിറ്റിയിൽ തീരദേശത്ത് ഉണ്ടായ കടൽക്ഷോഭത്തിൽ വീട് നഷ്ടപ്പെട്ട ഗുണഭോക്താക്കൾക്കായി ഫിഷറീസ് വകുപ്പ് പുനർഗേഹം പദ്ധതി പ്രകാരം നിർമ്മിച്ച് നൽകിയ 127 ഫ്ലാറ്റുകൾക്ക് കുടിവെള്ള സൗകര്യം ഉറപ്പാക്കുന്നതിനായി, മറ്റ് കുടിവെള്ള സ്രോതസ്സുകൾ ലഭ്യമല്ലാത്തതിനാൽ, 2022 ജൂലൈ മാസത്തിൽ പൊന്നാനി മുനിസിപ്പാലിറ്റിയുടെ ഡെപ്പോസിറ്റ് ഫണ്ട് ഉപയോഗപ്പെടുത്തി, പൊന്നാനി നഗരസഭാ സെക്രട്ടറിയുടെ ഉടമസ്ഥതയിൽ (Consumer No. PNI/8250/N) ഒരു ബൾക്ക് കുടിവെള്ള കണക്ഷൻ അനുവദിച്ചിരുന്നു. വ്യക്തിഗത കണക്ഷനുകളിലൂടെ ജല ഉപയോഗം ഉണ്ടായിട്ടും, കെട്ടിട നമ്പറുകൾ കേരള ജല അതോറിറ്റിയിലേക്ക് കൈമാറ്റം ചെയ്യുന്നതിലെ കാലതാമസം മൂലം ആദ്യ ബിൽ ഏകദേശം ഒരു വർഷത്തിന് ശേഷം മാത്രമാണ് ലഭ്യമായത്. ഇതിന്റെ പശ്ചാത്തലത്തിൽ വാട്ടർ ചാർജ് അടവിൽ ഉപഭോക്തൃ സഹകരണം കുറവായതിനാൽ നിലവിൽ ആകെ കുടിശ്ശിക Rs.11,03,986/- ആയി നിലനിൽക്കുന്നതായും, 2024 ഏപ്രിൽ വരെയുള്ള കുടിശ്ശികയായ Rs.4,57,932/- ഫിഷറീസ് വകുപ്പിൽ നിന്ന് ഒറ്റത്തവണയായി അടവാക്കുന്നതിനുള്ള നടപടി സ്വീകരിച്ചതായും പരാമർശ പ്രകാരം ഫിഷറീസ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

കേരള വാട്ടർ സപ്ലൈ റെഗുലേഷൻസ് സെക്ഷൻ 13(സി), 13(ഡി) എന്നിവ പ്രകാരം വാട്ടർ ചാർജ് അടവ് നിർബന്ധമായതിനാൽ, കുടിശ്ശിക തുടരുന്ന പക്ഷം കുടിവെള്ള കണക്ഷനുകൾ വിച്ഛേദിക്കപ്പെടുകയും, ഇതുവഴി തീരദേശ ദുരന്തബാധിതരായ പുനർഗേഹം ഫ്ലാറ്റ് നിവാസികൾക്ക് കുടിവെള്ള വിതരണം തടസ്സപ്പെടുകയും, ഗുരുതരമായ പൊതുജനാരോഗ്യ പ്രശ്നങ്ങൾ ഉയരാനുള്ള സാഹചര്യം ഉണ്ടാകുമെന്നും ഫിഷറീസ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ അടിയന്തിര സാഹചര്യം കണക്കിലെടുത്ത്, കുടിവെള്ള വിതരണം തടസ്സപ്പെടാതിരിക്കാൻ, 4405-00-103-93 (Plan – BIF-HDF) ശീർഷകത്തിൽ നിന്നും 4,57,932/- രൂപ ഒറ്റത്തവണയായി കേരള ജല അതോറിറ്റിയിൽ അടവാക്കുന്നതിനായി മലപ്പുറം ജില്ലാ ഓഫീസർക്ക് നിർദ്ദേശം നൽകിയിരുന്നതായി ഫിഷറീസ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആയതിനാൽ ടി നടപടിക്ക് സാധൂകരണം

നൽകണമെന്ന് പരാമർശ പ്രകാരം ഫിഷറീസ് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. പൊന്നാനി പുനർഗേഹം ഫ്ലാറ്റുകളിലെ അടിയന്തര സാഹചര്യം പരിഗണിച്ചും, കുടിവെള്ള വിതരണം തുടർച്ചയായി ഉറപ്പാക്കുന്നതിനും, പൊതുജനാരോഗ്യ പ്രശ്നങ്ങൾ ഒഴിവാക്കുന്നതിനുമായി, ഈ സാമ്പത്തിക വർഷം **4405-00-103-93 (P)** ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നും **RS. 4,57,932/-** ( നാല് ലക്ഷം അമ്പത്തിയേഴായിരത്തി തൊണ്ണൂറ്റിരണ്ട് രൂപ മാത്രം) കുടിവെള്ളക്കര കുടിശ്ശിക ഇനത്തിൽ ഒറ്റത്തവണയായി ഫിഷറീസ് ഡയറക്ടർ അടവാക്കിയ നടപടിക്ക് സാധൂകരണം നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**SAMEER KUMAR O J**
ജോയിന്റ് സെക്രട്ടറി

ഫിഷറീസ് ഡയറക്ടർ , തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ & ഇ) കേരളം, തിരുവനന്തപുരം.
വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ് (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Sabitha Shiju
സെക്ഷൻ ഓഫീസർ
Date: 17-02-2026 14:30:33